# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1162** — 12.07.2016 ലെ മറുപടിക്ക്

## അനധികൃത കെട്ടിടനിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.വി.കെ.സി.മമ്മത് കോയ:<br>ശ്രീ.കെ.ജെ.മാക്സി:<br>ശ്രീ.ഡി.കെ.മുരളി: | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) മുൻസർക്കാരിന്റെ കാലത്ത് അനധികൃത കെട്ടിടനിർമ്മാണങ്ങൾ വ്യാപകമായിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(ബി) നഗര കേന്ദ്രങ്ങളിലും പ്രധാന റോഡരികിലുമായി 2011 മുതൽ നിർമ്മിക്കുകയോ വിപുലീകരിക്കുകയോ ചെയ്തിട്ടുള്ള കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത് നിയമാനുസൃതമാണോ എന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ;<br><br>(സി) അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടിയെടുക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (എ) (ബി) & (സി) ഉണ്ട്. അനധികൃതനിർമ്മാണങ്ങൾക്കെതിരെ നിയമം അനുശാസിക്കുന്ന കർശന നടപടിയെടുക്കാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 148 പ്രകാരം നിയമവിരുദ്ധമായ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും അവ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനുമായി ഓരോ ജില്ലയിലും ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 148(2) പ്രകാരം ജില്ലയിൽ ആധികാരികതയുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും, ജില്ലയിൽ ആധികാരികതയുള്ള ടൗൺ പ്ലാനിംഗ് വകുപ്പിലെ ടൗൺ പ്ലാനറും (കൺവീനറും) ബന്ധപ്പെട്ട പഞ്ചായത്തിന്റെ സെക്രട്ടറിയും കാലാകാലങ്ങളിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥനും അല്ലെങ്കിൽ ഉദ്യോഗസ്ഥരും സ്ക്വാഡായി രൂപീകൃതമാകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ സ്ക്വാഡിലെ അംഗമായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരം എല്ലാ ജില്ലകളിലും അനധികൃത നിർമ്മാണം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു വിജിലൻസ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ